**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ കാളൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പി.പി. ഫിറോസ് ഖാന് ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ അധികമായി അനുവദിച്ച് നൽകിയ തുക ടിയാന്റെ ശമ്പളത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതില്ലെന്നും ഇതിനകം തിരികെ ഈടാക്കിയിട്ടുള്ള തുക തിരികെ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2872/ 2019/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 17/ 12/ 2019**

---

പരാമർശം : 1. ശ്രീ. പി.പി. ഫിറോസ് ഖാൻ സമർപ്പിച്ച 18.12.2018 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 26.02.2019 ലെ PAN/ 985/ 2019-E9(DP) നം. കത്ത്

**ഉത്തരവ്**

കാളൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.പി.ഫിറോസ് ഖാൻ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ മാവൂർ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ ജോലിചെയ്തിരുന്ന സമയത്ത് ടിയാന് 23 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം തെറ്റായി അനുവദിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ ഘടകം കണ്ടെത്തിയതിനെതുടർന്ന് അധികമായി കൈപ്പറ്റിയ തുക ശമ്പളത്തിൽ നിന്ന് തിരിച്ച് പിടിച്ചതായും ടിയാന് തെറ്റായി നൽകിയ ആർജ്ജിതാവധി സറണ്ടർ തുക തിരികെ നൽകുന്നതിന് അപേക്ഷിച്ചതിനെ തുടർന്ന് ഈ വിഷയത്തിൽ തീരുമാനം എടുക്കേണ്ടത് സർക്കാരാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം അറിയിച്ചതായും എന്നാൽ തെറ്റായി അനുവദിച്ച നൽകിയ തുക ക്ലാസ് III ക്ലാസ് IV ജീവനക്കാരിൽ നിന്നും തിരിച്ചുപിടിക്കാൻ പാടില്ലാ എന്ന് സിവിൽ അപ്പീൽ നമ്പർ 11527/ 2014[SLP(C)No. 11684/ 2012] മേൽ ബഹു. സുപ്രീംകോടതി 18.12.2014 ൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതായും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും തിരിച്ച പിടിച്ച 11134/- രൂപ തിരികെ അനുവദിക്കണമെന്നും ശ്രീ പി.പി.ഫിറോസ് ഖാൻ

പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. State of Punjab & Others V. Rafiq Masih 2015(1) KLT 429 എന്ന കേസിന്മേൽ ബഹു. സുപ്രീംകോടതിയുടെ 18.12.2014 ലെ വിധിന്യായത്തിൽ, Competent authority യ്ക്കു പറ്റിയ പിശക് മൂലം അധിക സാമ്പത്തിക ആനുകൂല്യം നൽകുകയും പിന്നീട് ആയത് തിരിച്ചറിഞ്ഞശേഷം ഉദ്യോഗസ്ഥരിൽ നിന്നും recovery നടത്തുകയും ചെയ്യുന്ന കേസുകളിൽ, ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും തെറ്റായ വിവരം നൽകിയതുകൊണ്ടോ, അവരുടെ ഭാഗത്തു നിന്നും Fraud, Misrepresentation എന്നിവ നടത്തിയതുകൊണ്ടോ അല്ല, മറിച്ച് Competent authority തെറ്റായി കണക്കുകൂട്ടിയതിനാലാണ് അർഹതയില്ലാത്ത സാമ്പത്തിക നേട്ടം employees ന് ലഭിച്ചതെന്നും ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത വിധിയുടെ പന്ത്രണ്ടാം ഖണ്ഡികയിൽ ഏതൊക്കെ സാഹചര്യങ്ങളിൽ പിഴവുമൂലം അധികമായി അനുവദിച്ച തുക തിരിച്ചു പിടിക്കാൻ പാടില്ലായെന്ന് കോടതി guidelines പുറപ്പെടുവിച്ചിട്ടുണ്ട് . ടി കേസിൽ റിക്കവറി അനുവദനീയമല്ലാത്ത സാഹചര്യങ്ങളെകുറിച്ച് പരാമർശിച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ 'mistake' മൂലം class III, class IV ജീവനക്കാർ monetary benefits, അർഹതയുള്ളതിലധികം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, ആയത് 'recover' ചെയ്യാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ High Court of Punjab & Haryana v. Jagdev Singh(MANU/SC/0831/2016) എന്ന കേസിൽ 'Excess Payment' ഉള്ള പക്ഷം ആയത് തിരികെ നല്കുന്നതാണെന്ന് 'undertaking' നല്കി തുക കൈപ്പറ്റുന്ന ഉദ്യോഗസ്ഥനിൽ നിന്നും, അധികമായി കൈപ്പറ്റിയ തുക തിരികെപ്പിടിക്കാവുന്നതാണെന്നും, പ്രസ്തുത ഉദ്യോഗസ്ഥൻ നൽകിയ 'undertaking' നിലനിൽക്കുന്നതാണെന്നും ബഹു . സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ കേസിൽ, ആർജ്ജിതാവധി അനുവദിക്കുന്നതിൽ വന്ന തെറ്റാണ് അധികതുക സറണ്ടർ ആനുകൂല്യമായി ശ്രീ.ഫിറോസ് ഖാന് അനുവദിക്കുന്നതിനു കാരണമായതെന്നുള്ള സാഹചര്യത്തിലും, ലീവ് സറണ്ടർ ആനുകൂല്യം കൈപ്പറ്റുന്നതിന് 'undertaking' നൽകേണ്ടതില്ലാത്ത സാഹചര്യത്തിലും ബഹു. സുപ്രീംകോടതിയുടെ മേൽ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും അധികമായി നൽകിയ തുക റിക്കവർ ചെയ്യാവുന്നതല്ലെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ കാക്കൂർ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.പി.ഫിറോസ് ഖാന് ഫുൾടൈം സ്വീപ്പർ തസ്തികയിൽ ജോലിചെയ്തിരുന്ന സമയത്ത്

ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ തെറ്റായി അധികമായി അനുവദിച്ച് നൽകിയ തുക ടിയാന്റെ ശമ്പളത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതില്ലെന്നും ഇതിനകം ശമ്പളത്തിൽ നിന്ന് തിരികെ ഈടാക്കിയിട്ടുള്ള 11134/- രൂപ (പതിനൊന്നായിരത്തി ഒരുനൂറ്റിമുപ്പത്തിനാല് രൂപ മാത്രം) ടിയാന്റെ അപേക്ഷ പ്രകാരം ടിയാന് തിരികെ നൽകാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശമ്പളത്തിൽ നിന്ന് ഇതിനകം തിരികെ ഈടാക്കിയിട്ടുള്ള തുക 11134/- രൂപയാണെന്ന് ബന്ധപ്പെട്ട ഓഫീസ് മേലധികാരി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ടി തുക തിരികെ നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. പി.പി. ഫിറോസ് ഖാൻ, ഓഫീസ് അറ്റൻഡന്റ്, കാക്കൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല. (സെക്രട്ടറി, കാക്കൂർ ഗ്രാമപഞ്ചായത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.
സെക്രട്ടറി, കാക്കൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/40/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Deniyo MS

സെക്ഷൻ ഓഫീസർ